# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 200th (05/22) Special Meeting of the Syndicate held on 22.06.2022 at 11.00 a.m at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
3. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. പി. വി രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
5. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. ശിവദാസൻ. പി, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ആർ. ശശീധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. ബിച്ചു.എക്സ്.മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. സി.എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
11. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഒപ്പ്
12. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം (ഓൺ ലൈൻ)

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

## MAIN AGENDA

### Item No. 1

Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

സർവകലാശാല പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിലെ ബിരുദ വിദ്യാർത്ഥിനിയായ കുമാരി അമേയ പ്രകാശ്, തുറവൂർ പ്രാദേശിക കേന്ദ്രം അവസാന വർഷ ബി.എ വിദ്യാർത്ഥി ശ്രീ അർജുൻ കെ.എസ്, സർവകലാശാലാ സർവ്വീസിൽ നിന്നും വിരമിച്ച സംസ്കൃത ജനറൽ വിഭാഗം അദ്ധ്യാപിക ഡോ. വി ബേബി, എന്നിവരുടെ നിര്യാണത്തിലും കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം

അനുശോചനം രേഖപ്പെടുത്തുന്നു. 10.05.2022 തീയതിയിലെ 199-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സംസ്കൃത പ്രചാരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രമുഖ സംസ്കൃത പണ്ഡിതരെ ഉൾപ്പെടുത്തി കേരളത്തിലെ പുരാതന ലിപികളെ ആസ്പദമാക്കി ഏഴു ദിവസത്തെ ശില്പശാല 13.05.2022 മുതൽ 19.05.2022 വരെ നടത്തി.

2. സർവകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, ഭരണ വിഭാഗം ജീവനക്കാർക്ക് അക്കൗണ്ട്സിലും ഫയൽ മാനേജ്മന്റ് ട്രാക്കിംഗ് സിസ്റ്റത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് 25.06.2022 മുതൽ പഞ്ചദിന പരിശീലന ശില്പശാല (പ്രഗതി) സംഘടിപ്പിച്ചു.

3. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏർപ്പെടുത്തിയ പ്രഥമ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് സർവകലാശാല യിലെ മലയാളവിഭാഗം ഗവേഷക കുമാരി കെ. ആര്യ അർഹയായി. കുമാരി ആര്യയെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

4. ജോയിന്റ് രജിസ്ട്രാർ ആയി സേവനം ചെയ്തു ശ്രീ സി.സി ജോർജ്ജ്, ലൈബ്രറി അസിസ്റ്റന്റ് ശ്രീ ശ്രീകാന്തൻ ജി, ഓഫീസ് അറ്റൻഡർ ശ്രീ സ്വാമിദാസൻ ടി, പാർട്ട് ടൈം സ്വീപ്പർമാരായ ശ്രീ തങ്കപ്പൻ എ, ശ്രീമതി എം.വി തങ്കമ്മ എന്നിവർ 31.05.2022 ന് സർവകലാശാലാ സേവനത്തിൽ നിന്നും വിരമിച്ചു. അവർക്ക് ഉചിതമായ യാത്രയയപ്പ് നൽകി.

5. 01.06.2022 ന് ബഹു. ചാൻസലർ ആയ ഗവർണർ സർവകലാശാലാ ഫാക്കൽട്ടി ഡീൻമാരെ നോമിനേറ്റ് ചെയ്തു ഉത്തരവായി. സാൻസ്ക്രിറ്റ് ലിറ്ററേച്ചർ വിഭാഗത്തിൽ ഡോ. സി രാജേന്ദ്രൻ, ഇന്ത്യൻ ഗ്രാമർ വിഭാഗത്തിൽ ഡോ. പി നാരായണൻ നമ്പൂതിരി, ഇന്ത്യൻ മെറ്റാഫിസിക്സ് വിഭാഗത്തിൽ ഡോ. ഗീതാമണി അമ്മ എസ്, ഇന്ത്യൻ ലോജിക് വിഭാഗത്തിൽ ഡോ. വി വാസുദേവൻ, അദർ സാൻസ്ക്രിറ്റ് സ്റ്റഡീസ് വിഭാഗത്തിൽ ഡോ. എൻ.കെ സുന്ദരേശരൻ, ഇൻഡോളജി വിഭാഗത്തിൽ ഡോ. അനിൽ കെ.എം, ഫോറിൻ ലാങ്ഗ്വേജ് വിഭാഗത്തിൽ ഡോ. ചിത്ര പണിക്കർ, ആർട്സ് ആൻഡ് സോഷ്യൽ സയൻസ് വിഭാഗത്തിൽ

ഡോ. സനൽ മോഹൻ പി. എന്നിവരെയാണ് നോമിനേറ്റ് ചെയ്തിരിക്കുന്നത്.

6. സർവകലാശാലയിലെ ഈ വർഷത്തെ വിവിധ പി.ജി പ്രോഗ്രാമുകളിലേക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് 17.06.2022 ന് പൂർത്തിയായി.

7. സെമസ്റ്റർ അവധിക്ക് ശേഷം സർവകലാശാലയിലെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള റഗുലർ ക്ലാസ്സുകൾ 01.06.2022 മുതൽ ആരംഭിച്ചു.

8. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

പ്രോ-വൈസ് ചാൻസലറുടെ നിയമനം - വൈസ് ചാൻസലറുടെ ശിപാർശ അംഗീകരിക്കുന്നത് സംബന്ധിച്ച് .

യു.ജി.സി റെഗുലേഷൻ 2018 ലെ വ്യവസ്ഥകൾ 7.1, 7.2 പ്രകാരം ബഹു. വൈസ് ചാൻസലറുടെ ശിപാർശ അംഗീകരിച്ച് സർവകലാശാലയിലെ സംസ്കൃതം വേദാന്തം വിഭാഗം പ്രൊഫസർ ഡോ. മുത്തുലക്ഷ്മി കെ. - യെ (രാജ വിഹാർ, പാലസ് റോഡ്, ചാലക്കുടി - 680307) സർവകലാശാല പ്രോ-വൈസ് ചാൻസലറായി നിയമിക്കുവാൻ തീരുമാനിച്ചു.

## Item No. 3

Award of Ph.D Degree

a) Smt. Alphonsa Chacko in Sanskrit Sahitya
[No. EA/PhD/703/SSUS/2021(1)]

b) Sri. Sijo Sebastian in Philosophy [No. EA/PhD/702/SSUS/2021]

പരീക്ഷ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 4 (a)

സംസ്കൃത പ്രചാരണ വിഭാഗം - സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി - അഷ്ടാദശി പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച പ്രോപ്പോസലുകളുടെ അനുവദിച്ച തുക ലഭിക്കുന്നതിനായി - സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റിയിലേക്ക് സമർപ്പിച്ച ബോണ്ടിൽ ബഹു. വൈസ് ചാൻസലർ ഒപ്പ് വച്ച സ്പെസിമെൻ ഓഫ് റെസല്യൂഷൻ - സിൻഡിക്കേറ്റ് സാധൂകരണം - സംബന്ധിച്ച്. (No. STR/6806/SSUS/2020)

&

## Item No. 4 (b)

സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി - അഷ്ടാദശി പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച പ്രോപ്പോസലുകളുടെ അനുവദിച്ച തുക ലഭിക്കുന്നതിനായി - സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റിയിലേക്ക് സമർപ്പിച്ച ബോണ്ടിൽ ബഹു. വൈസ് ചാൻസലർ ഒപ്പ് വച്ച സ്പെസിമെൻ ഓഫ് റെസല്യൂഷൻ - സിൻഡിക്കേറ്റ് സാധൂകരണം - സംബന്ധിച്ച്. (No. ISSS/8739/SSUS/2016)

റിപ്പോർട്ട് ചെയ്തത് ശ്രദ്ധിച്ചു. കൂടാതെ സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റിയുടെ അഷ്ടാദശി പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച പ്രോപ്പോസലുകളുടെ അനുവദിച്ച തുക ലഭിക്കുന്നതിനായി സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റിയിലേക്ക് സമർപ്പിച്ച ബോണ്ടിൽ ബഹു. വൈസ് ചാൻസലർ ഒപ്പ് വച്ച 'Speciment of Resolution' അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 5

സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി - തുടർ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്. (No. 3231/Fin&Accounts/SSUS/2022)

സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി പഠിച്ച് അത് മെച്ചപ്പെടുത്തുവാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കാൻ ഫിനാൻസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. പ്രസ്തുത പഠനത്തിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആവശ്യമെങ്കിൽ മറ്റു സിൻഡിക്കേറ്റംഗങ്ങളെ കൂടി ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചു.

**Item No. 6**

സർവകലാശാലയുടെ തിരൂർ പ്രാദേശിക കേന്ദ്രത്തിലെ പുതിയ വനിതാ ഹോസ്റ്റലിലേക്ക് ഫർണ്ണീച്ചർ വിതരണം ചെയ്യുന്നത് - സംബന്ധിച്ച്. (No. 1313/Estate2/SSUS/2022)

തുടർ നടപടികൾക്കായി വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## OUT OF AGENDA

**Item No. 1**

ഈ അദ്ധ്യയന വർഷം മുതൽ ഓരോ ബി.എ പ്രോഗ്രാമിനും വിദ്യാർത്ഥികളുടെ എണ്ണം മിനിമം 10 ആയി നിശ്ചയിക്കാൻ തീരുമാനിച്ചു. മിനിമം 10 വിദ്യാർത്ഥികൾ ഇല്ലാത്ത കേന്ദ്രങ്ങളിലെ കുട്ടികൾക്ക് സ്റ്റുഡന്റ്ഷിപ്പ് കൊടുത്ത് അവരെ മറ്റു കേന്ദ്രങ്ങളിലേക്ക് മാറ്റാൻ തീരുമാനിച്ചു.

**Item No. 2**

പ്രോ വൈസ് ചാൻസലറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമായി നിശ്ചയിച്ച് അടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിക്കാൻ തീരുമാനിച്ചു.

**Item No. 3**

സർവകലാശാലയുടെ യു.ജി/പി.ജി പ്രോഗ്രാമുകളും പ്രാദേശിക കേന്ദ്രങ്ങളും പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചു. യു.ജി പുന:സംഘാടനം 2022 അക്കാദമിക് വർഷം അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വരും വിധം നടത്താനും, പി.ജി. പുന:സംഘാടനം അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിൽ വരുത്താനും തീരുമാനിച്ചു. അതത് അക്കാദമിക് സമിതികളുടെ അംഗീകാരത്തോടെ തുടർ നടപടികൾ സ്വീകരിക്കാൻ ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. പുന:സംഘടനയുടെ നേതൃത്വം പ്രോ വൈസ് ചാൻസലർക്കും, അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിക്കും നൽകാനും തീരുമാനിച്ചു.

യോഗം 1.30 ന് അവസാനിച്ചു.

| | |
|---|---|
| **ഒപ്പ്**<br>**വൈസ് ചാൻസലർ** | **ഒപ്പ്**<br>**രജിസ്ട്രാർ** |